പവിഴപുറ്റുകളിലെ മറ്റു പലയിനം മത്സ്യങ്ങൾക്ക് ഭക്ഷണമാണ് ചാളകൾ. ഇവയെ വലിയ അളവിൽ പിടിക്കുന്നത് പവിഴ ദ്വീപുകളിലെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചേക്കാം. അതുണ്ടാക്കാവുന്ന ആഘാതത്തിന്റെ അളവ് ഇതുവരെ കണക്കാക്കപെട്ടിട്ടില്ല.

ചാള പവിഴദ്വീപുകളിലെ നിലനില്പിനുള്ള പ്രധാനപ്പെട്ട ഒരു കണ്ണിയാണ്. കൂടാതെ ഇവ ദ്വീപിന്റെ ഭക്ഷ്യ-ജൈവ സമ്പത്തിന്റെ ഒരു മുഖ്യ ഘടകമാണ്. ഇവയുടെ ലഭ്യത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനെയും ബാധിക്കുന്നു. അതിനാൽ ഇവയുടെ പരിപാലനം ദ്വീപിന്റെ സാമ്പത്തിക-പാരിസ്ഥിതിക സന്തുലനത്തിന് നിർണായകമാണ്.

ചാള ഏതു കാലാവസ്ഥയിൽ എവിടെയെല്ലാം കാണപ്പെടുന്നു എന്നതിനെക്കുറിച്ച് പ്രാദേശികമായ അറിവുകൾ ധാരാളം ഉണ്ടെങ്കിലും, ഇവയുടെ ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ പരിമിതമാണ്. ഈ വിടവ് ഇവയുടെ സ്ഥിര ലഭ്യതയെ തടുക്കുന്നു.

ആയതിനാൽ ലക്ഷദ്വീപിന്റെ ഭാവി വികസന പദ്ധതികൾ ബില്ലങ്ങളുടെയും പവിഴപ്പുറ്റുകളുടെയും ആരോഗ്യത്തിന് മുൻതൂക്കം നൽകുന്നവയും മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് അവയിലേക്ക് തുടർന്നും പ്രവേശനം ഉറപ്പാക്കുന്നവയും ആയിരിക്കണം.

dakshin

**ചിത്രങ്ങൾ:** ജോൺ ഹൂവർ, പ്രേരണ ഗ്ഗൗഡെ, കെ ആർ കെ ഒ ഡൈവർ, ഫിഷ്ബേസ്

**കണ്ടന്റ് ആന്റ് ഡിസൈൻ:** പ്രേരണ ഗാവ്ഡേ (ദക്ഷിൺ ഫൗണ്ടേഷൻ)

**ധനസഹായം നൽകിയത്:** ബ്ലൂ വെഞ്ചേഴ്സ്, വാട്ടർലൂ ഫൗണ്ടേഷൻ, ടാറ്റാ ട്രസ്റ്റ്

**പിന്തുണ നൽകിയത്:**
പരിസ്ഥിതി-വന വകുപ്പ്,
ശാസ്ത്ര-സാങ്കേതിക വകുപ്പ്,
മത്സ്യബന്ധന വകുപ്പ്, ലക്ഷദ്വീപ്



# ലക്ഷദ്വീപിലെ ചാളയിനങ്ങൾ

ലക്ഷദ്വീപിലെ പോൾ ആൻഡ് ലൈൻ (P&L) മത്സ്യബന്ധന രീതിയിൽ ചൂരയെ ആകർഷിച്ചു പിടിക്കുന്നതിനായി ഉപയോഗിച്ചുവരുന്ന ചെറിയ ഇരമത്സ്യങ്ങളാണ് ചാളകൾ. പൊതുവായി പാറക്കൂട്ടങ്ങളിലും പവിഴപ്പുറ്റുകൾക്കിടയിലും ബില്ലങ്ങളിലും കടൽപ്പുല്ലുള്ള പ്രദേശങ്ങളിലും കൂട്ടമായി കാണപ്പെടുന്ന ഇവ പോൾ ആൻഡ് ലൈൻ മത്സ്യബന്ധന രീതി നിലനിന്നു പോകുന്നതിന് അത്യന്താപേക്ഷിതമാണ്.

## പ്രധാന ജീവശാസ്ത്ര വിശേഷണങ്ങൾ

- പരമാവധി നീളം
- ആയുർദൈർഘ്യം, ലൈംഗിക പക്വത
- പ്രജനന രീതിയും കാലാവസ്ഥയും
- മുട്ടയുടെ എണ്ണം
- മത്സ്യബന്ധനരീതി



## ഹൊണ്ടെലി

ശാസ്ത്രീയ നാമം: സ്പ്രാട്ടല്ലോയ്ഡസ് ഡെലികാറ്റുലസ്

- ഏകദേശം 10.5 സെ.മീ വരെ നീളം
- ഒരു വർഷം വരെ ആയുർദൈർഘ്യം.ഏകദേശം 3 - 4 മാസം പ്രായവും 3.7 സെ.മീ വരെ നീളവും ആകുമ്പോൾ മുട്ടയിടാറാകുന്നു.
- പുലർച്ചക്ക് മുൻപ് വലിയ കൂട്ടങ്ങളായാണ് ഇവ മുട്ടയിടുന്നത്. അമാവാസി ദിവസങ്ങളിൽ വലിയ തോതിൽ മുട്ടയിടുന്നതായി കാണപ്പെടുന്നു. ഈയിനം മത്സ്യങ്ങൾ സാധാരണ പ്രജനന കാലത്തിനു പുറമെ വർഷത്തിൽ പലതവണ, പ്രത്യേകിച്ചും മഴക്കാലത്ത്, മുട്ടയിടാറുണ്ട്.
- 10500 മുട്ടകൾ വരെ ഇടുന്നു
- നൈലോൺ അഥവാ പി വി സി കൊണ്ട് ഉണ്ടാക്കിയ വൃത്തത്തിൽ ചുറ്റിനും ഈയക്കട്ട ഘടിപ്പിച്ച 1 മില്ലി മീറ്റർ (മുൻപ് 6 മില്ലി മീറ്റർ) കണ്ണിയകലമുള്ള വലയാണ് ഉപയോഗിക്കുന്നത്.


ഒരു മത്സ്യത്തിന്റെ ആഹാര ശൃങ്കലയെയും പ്രത്യുത്പാദന സമയത്തെക്കുറിച്ചും അറിയുന്നത് അവയുടെ ലഭ്യതയെ നല്ല രീതിയിൽ പരിപാലിക്കുന്നതിന് നമ്മെ സഹായിക്കും. ഉദാഹരണത്തിന്, ഒരു മത്സ്യം എപ്പോൾ മുട്ടയിടുന്നു എന്നറിയുന്നത് അവയെ പിടിക്കുന്നതിന് അനുയോജ്യമല്ലാത്ത സമയത്തെ മനസ്സിലാക്കിത്തരുന്നു. ഈ വിവരങ്ങൾ തീർച്ചയായും മത്സ്യ പരിപാലന നയങ്ങൾ വികസിപ്പിക്കുന്നതിന് ഉപകാരപ്രദമാകും.



## റഹി

ശാസ്ത്രീയ നാമം: സ്പ്രാട്ടല്ലോയ്ഡസ് ഗ്രാസിലിസ്

- ഏകദേശം 7 സെ.മീ വരെ നീളം
- ഒരു വർഷം വരെ ആയുർദൈർഘ്യം. ഉദ്ദേശം 3 - 4 മാസം പ്രായവും 3.5 സെ.മീ വരെ നീളവും ആകുമ്പോൾ മുട്ടയിടാറാകുന്നു
- റഹി അതിന്റെ ജീവിത കാലയളവിൽ പല തവണ മുട്ടയിടുന്നു. ഇവയുടെ പ്രജനന രീതി ഹൊണ്ടെലിയുടേതിനു സമാനമാണ്
- 6000 മുട്ടകൾ വരെ ഇടുന്നു
- ചുറ്റിനും ഈയക്കട്ട ഘടിപ്പിച്ച വല ആണ് ഉപയോഗിക്കുന്നത്. വല വെള്ളത്തിൽ യഥാസ്ഥാനത്ത് ഉറപ്പിക്കുന്നതിനായി മുളങ്കമ്പുകൾ ഉപയോഗിക്കുന്നു.



## ബോധി

ശാസ്ത്രീയ നാമം: സീസ്സിയോ സീറുലേറിയ

- ഏകദേശം 7.4 സെ.മീ വരെ നീളം
- 4 - 6 മാസം വരെ ആയുർദൈർഘ്യം. ഉദ്ദേശം 3 - 4 മാസം പ്രായം ആകുമ്പോൾ മുട്ടയിടാറാകുന്നു
- ജീവിത കാലയളവിൽ പല തവണ മുട്ടയിടുന്നു. ഇണയെ കണ്ടെത്തിയതിനു ശേഷം പെൺ മത്സ്യങ്ങൾ വലിയ അളവിൽ മുട്ടകളിടുന്നു. ഈ മുട്ടകൾ വിരിയുന്നത് വരെ ആൺ മീനുകൾ അവയുടെ വായിൽ സൂക്ഷിക്കുന്നു
- ഉദ്ദേശം 1500 -3225 മുട്ടകൾ ഇടുന്നു
- പവിഴപ്പുറ്റുകൾക്കു മുകളിലായി കാണപ്പെടുന്ന ഇവയെ പ്ലാസ്റ്റിക്ക് അല്ലങ്കിൽ നൈലോൺ വലകൾ കൊണ്ടാണ് പിടിക്കുന്നത്



## നീല മാഹി

ശാസ്ത്രീയ നാമം: ക്രോമിസ് വിരിഡിസ്

- ഏകദേശം 10 സെ.മീ വരെ നീളം
- 1 - 2 വർഷം വരെ ആയുർദൈർഘ്യം
- അർത്ഥചന്ദ്ര ചക്രഗതിയിൽ - അമാവാസിയിലെയും പൗർണ മിയിലെയും രാത്രികളിൽ ആൺ മത്സ്യങ്ങളും പെൺ മത്സ്യങ്ങളും ഒരുമിച്ച് ബീജ സങ്കലനത്തിലേർപ്പെടുന്നു
- ഉദ്ദേശം 1300 - 1500 മുട്ടകൾ വരെ ഇടുന്നു. ഈ മുട്ടകൾ 2 - 3 ദിവസത്തിനുള്ളിൽ വിരിയുന്നു
- മോണോഫിലമെൻറ് വല ആണ് ഉപയോഗിക്കുന്നത്



## മുക്റം

ശാസ്ത്രീയ നാമം: സീസ്സിയോ സീറുലേറിയ

- ഏകദേശം 35 സെ.മീ വരെ നീളം
- വളരെ പെട്ടന്ന് മുട്ടയിടാറാകുന്ന ഇവയ്ക്ക് പ്രത്യുത്പാദന ശേഷി കൂടുതലാണ്. വിപുലമായ ഇണചേരലിനൊടുവിൽ സുതാര്യമായ മുട്ടകൾ തുറന്ന സമുദ്രത്തിൽ നിക്ഷേപിക്കുന്നു
- വർഷം തോറും വലിയ കൂട്ടങ്ങളായാണ് ഇവ മുട്ടയിടുന്നത്. പൗർണമി ദിവസങ്ങളോട് ചേർന്നുള്ള വൈകുന്നേരങ്ങളിൽ പാറക്കൂട്ടങ്ങൾ, പവിഴപുറ്റുകൾക്കിടയിലെ പ്രത്യേക സ്ഥലങ്ങളിലാണ് ഇവ മുട്ടയിടാറുള്ളത് .
- 5 മില്ലി മീറ്റർ കണ്ണിയകലമുള്ള, പി. വി. സി. യുടെ മോണോഫിലമെൻറ് (ഒറ്റ ഇഴയുള്ള) കോരുവല ആണ് ഉപയോഗിക്കുന്നത്.